**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431** **21-07-2022 - ൽ മറുപടിയ്ക്ക്**

**വാഹൻ സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ നികുതി കണക്കാക്കുന്നതിൽ വാഹൻ സോഫ്റ്റ് വെയറിലുണ്ടായ പിഴവ് കാരണം സംസ്ഥാന നികുതിയിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ; | (എ) | പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാക്കിയ പരിവാഹൻ സോഫ്റ്റ്‌വെയറിൽ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) മുഖേന, വാഹന നികുതി സംബന്ധിച്ച ചില സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഭേദഗതികൾ വരുത്താറുണ്ട്. പ്രസ്തുത ഭേദഗതികളുടെ ഫലമായി, സോഫ്റ്റ്‌വെയറിൽ നികുതി കണക്കാക്കുന്നതിൽ പിഴവ് സംഭവിക്കുകയും ലഭിക്കേണ്ട വാഹന നികുതിയിൽ നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പരിവാഹൻ സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക്, ആയത് ക്രമാനുസൃതമല്ലാത്ത (random) പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. എങ്കിലും, പൊതുജനങ്ങൾ ഓൺലൈനായി നികുതി അടക്കുമ്പോഴാണ്, പലപ്പോഴും, നികുതിക്കുറവോ അധിക നികുതിയോ (SHORT LEVY/EXCESS TAX) ഉണ്ടായതായി അറിയുവാൻ സാധിക്കുന്നത്. ആയതിനാൽ, പിഴവ് ശ്രദ്ധയിൽപ്പെട്ടുമ്പോൾത്തന്നെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ബന്ധപ്പെടുകയും പിഴവുകൾ തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ് വെയറിൽ സംസ്ഥാന നികുതി വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിൽ ഉണ്ടാകുന്ന പിഴവ് തിരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാക്കിയ പരിവാഹൻ സോഫ്റ്റ്‌വെയറിൽ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) മുഖേന, വാഹന നികുതി സംബന്ധിച്ച ചില സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഭേദഗതികൾ വരുത്താറുണ്ട്. പ്രസ്തുത ഭേദഗതികളുടെ ഫലമായി, സോഫ്റ്റ്‌വെയറിൽ നികുതി കണക്കാക്കുന്നതിൽ പിഴവ് സംഭവിക്കുകയും |

| | | | |
|---|---|---|---|
| | | | ലഭിക്കേണ്ട വാഹന നികുതിയിൽ നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പരിവാഹൻ സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക്, ആയത് ക്രമാനുസൃതമല്ലാത്ത (random) പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. എങ്കിലും, പൊതുജനങ്ങൾ ഓൺലൈനായി നികുതി അടക്കുമ്പോഴാണ്, പലപ്പോഴും, നികുതിക്കുറവോ അധിക നികുതിയോ (SHORT LEVY/EXCESS TAX) ഉണ്ടായതായി അറിയുവാൻ സാധിക്കുന്നത്. ആയതിനാൽ, പിഴവ് ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ബന്ധപ്പെടുകയും പിഴവുകൾ തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയവരിൽ നിന്നും ബാക്കി തുക ഈടാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | സോഫ്റ്റ്‌വെയറിലെ പിഴവ് മൂലം കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കപ്പെട്ട വാഹനങ്ങൾ കണ്ടെത്തി വാഹന ഉടമകൾക്ക് നോട്ടീസ് നൽകാറുണ്ട്. തുടർന്ന്, അനുവദനീയമായ സമയം കഴിഞ്ഞിട്ടും ബാലൻസ് നികുതി അടക്കാത്ത വാഹന ഉടമകളെ ബ്ലാക്ക് ലിസ്റ്റ് ചെയ്തുവരുന്നുണ്ട്. ഇത്തരം വാഹന ഉടമകൾക്കെതിരെ, ബാലൻസ് നികുതി ഈടാക്കുന്നതിനായി, ആവശ്യമെങ്കിൽ, നിയമാനുസൃതമായി, റവന്യൂ റിക്കവറി നടപടിയും സ്വീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ